II. ശ്രദ്ധക്ഷണിക്കൽ

(1) ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിനും ഗൾഫ് മേഖലയിലേക്കുള്ള വിമാനയാത്രാനിരക്ക് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിന് വരുന്ന പൊതുതെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ കഴിയുന്നവിധത്തിൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. വിദേശ ഇൻഡ്യാക്കാർക്ക് വോട്ടവകാശം ലഭ്യമാക്കണമെന്നത് ദീർഘകാലമായിട്ടുള്ള ഒരു ആവശ്യമാണ്. ലക്ഷക്കണക്കിന് വരുന്ന ഗൾഫ് മലയാളികൾക്കാണ് വോട്ടവകാശത്തിന്റെ പ്രയോജനം ഏറെ ലഭിക്കുന്നത്. ഏറെ വർഷങ്ങളായി ഈ കാത്തിരിപ്പ് തുടങ്ങിയിട്ട്. പ്രഖ്യാപനങ്ങളും വ്യാമോഹിപ്പിക്കലും നടക്കുന്നതല്ലാതെ ഫലപ്രദമായ ഒരുനടപടിയും ഉണ്ടായിട്ടില്ല. നിലവിലുള്ള ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്താൽ നടപ്പിലാക്കാൻ സാധിക്കുന്നതാണിത്. ഇന്ത്യൻ പ്രധാനമന്ത്രി ഹൈദ്രാബാദിൽ നടന്ന ലോക സമ്മേളനത്തിൽ നടത്തിയ പ്രഖ്യാപനം വിദേശ ഇൻഡ്യാക്കാരിൽ പ്രത്യേകിച്ച് ഗൾഫ് മലയാളികളിൽ പ്രതീക്ഷ ഉണർത്തിയിരിക്കുകയാണ്. ഹൈദ്രാബാദ് സമ്മേളനത്തിലും അതിനുമുമ്പ് നടന്ന മുംബൈ സമ്മേളനത്തിലുമെല്ലാം വിദേശ ഇൻഡ്യക്കാർ പ്രത്യേകിച്ച് മലയാളികൾ ശക്തമായി ഉയർത്തിയ ആവശ്യം ഇതായിരുന്നു. എന്നാൽ അമേരിക്ക, കാനഡ, യൂറോപ്പ് എന്നിവിടങ്ങളിലുള്ള മഹാഭൂരിപക്ഷംപേർക്കും അവിടത്തെ പൗരത്വമുണ്ട്. എന്നാൽ ഗൾഫ് മേഖലയിലുള്ളവർ തിരികെ പോരാനുള്ളവരും നാടുമായി നിരന്തര ബന്ധം പുലർത്തി വരുന്നവരുമാണ്. നാട്ടിലെ നിയമം അനുസരിച്ച് അവർക്ക് പൗരത്വത്തിന്റെ പ്രശ്നം വരുന്നില്ല. നാട്ടിലേക്ക് സ്ഥിരമായി പണം അയയ്ക്കുന്നവരും ജീവിത സാഹചര്യങ്ങളുമായി ഒത്തുപോകുന്നവരുമാണ് നമ്മുടെ മലയാളി സഹോദരന്മാർ. ഈ പശ്ചാത്തലത്തിൽ നിയമ ഭേദഗതിമൂലം ഗൾഫ് മലയാളികൾക്ക് അടുത്ത പൊതുതെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ സാധിക്കണം. തെരഞ്ഞെടുപ്പ് ഒരു വിളിപ്പാട് അകലെ നിൽക്കുന്ന സന്ദർഭത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ടാകണം. പാർലമെന്റിൽ നമ്മുടെ അംഗങ്ങൾ ഒറ്റക്കെട്ടായിനിന്ന് പരിശ്രമിച്ചാൽ പൂർവ്വകാലത്തെ ആഗ്രഹം സഫലീകൃതമാകുമെന്നുമാത്രമല്ല ജനാധിപത്യ പ്രക്രിയ കൂടുതൽ മേന്മ ഉളവാക്കാൻ സാധിക്കുകയും ചെയ്യും. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സുപ്രധാന സംഭാവന നൽകിയിട്ടുള്ള വിദേശ ഇൻഡ്യാക്കാരെ ഈ നടപടിയിലൂടെ ആദരിക്കാനും നമുക്ക് സാധിക്കും. 1950-ലെ ജനപ്രാതിനിധ്യ നിയമം ചട്ടം 43-ൽ സെക്ഷൻ-20-ലും ഇലക്ട്രൽ രജിസ്ട്രേഷൻ 1960-ലെ റൂൾ 7-ലും ഭേദഗതികൾ കൊണ്ടുവരാൻ സാധിച്ചാൽ പ്രവാസികളുടെ വോട്ടവകാശം യാഥാർത്ഥ്യമാകും. നാട്ടിലെ താമസസ്ഥലത്തുനിന്നും മാറി തൊഴിലിനുവേണ്ടി വിദേശത്ത് കഴിയുമ്പോഴും തദ്ദേശവാസികളായി തുടരുന്നതിൽ പ്രതിബദ്ധതയില്ല എന്നതാണ് ഈ ഭേദഗതി. ഇതിനു വേണ്ടി വിദേശ ഇന്ത്യാക്കാർക്ക് അവരുടെ മണ്ഡലത്തിലെ വോട്ടർപട്ടികയിൽ ഇവരുടെ പേര് ഉൾപ്പെടുത്താൻ ബന്ധപ്പെട്ട മണ്ഡലത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക്

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഫോം-6-ൽ അപേക്ഷ നൽകണമെന്നതാണ് രണ്ടാമത്തെ ഭേദഗതി. തെരഞ്ഞെടുപ്പുകാലത്ത് നാട്ടിലുള്ളവർക്കെല്ലാം വോട്ടുചെയ്യാൻ ഇതുമൂലം കഴിയും. രാജ്യസഭാ സമ്മേളനത്തിൽ കേന്ദ്രമന്ത്രി ഇക്കാര്യം പരിഗണിക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും നാളെമുതൽ ആരംഭിക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ ഇതിനുള്ള നിയമ ഭേദഗതി കൊണ്ടുവന്ന് പാസ്സാക്കിയാലേ അടുത്ത തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ സാധിക്കൂ. പാർലമെന്റിൽ തൃശ്ശൂർ എം.പി. ശ്രീ. സി. കെ. ചന്ദ്രപ്പൻ ഇക്കാര്യം സംബന്ധിച്ച് ഒരു സ്വകാര്യബില്ലിന് നോട്ടീസ് നൽകിയിട്ടുണ്ട്. നമ്മുടെ സഹോദരങ്ങൾ മറ്റ് നാടുകളിൽ പോയി ജോലി ചെയ്യുകയും അവർ പണം കൃത്യമായി ഇങ്ങോട്ട് അയയ്ക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായാണ് നമ്മുടെ വിദേശനാണ്യശേഖരം ഇവിടെ വിപുലമാകുന്നത്. ഗൾഫ് മലയാളികൾ നിരന്തരമായ പലതരം വിവേചനത്തിന് ഇരയാകുന്നു. വിദേശത്ത് മാത്രമല്ല മറുനാട്ടിൽ താമസിക്കുന്നവർക്കും വോട്ടവകാശമില്ല. ഇൻഡ്യൻ പൗരനാണെങ്കിലും നാട്ടിൽ സ്ഥിരതാമസം ഇല്ല എന്നതിന്റെ പേരിൽ ഒരു പൗരന് ലഭിക്കുന്ന ഏറ്റവും വലിയ അവകാശമായ വോട്ടവകാശം നിഷേധിക്കപ്പെടുന്നത് തിരുത്തുകതന്നെ വേണം. തെരഞ്ഞെടുപ്പുകാലത്ത് അവരിൽപലരും നാട്ടിലുണ്ടാകും. തങ്ങൾ പൊതുധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ട വരാണെന്നുള്ള അവരുടെ ചിന്തയുടെ വികാരം എന്തായിരിക്കുമെന്ന് ഞാൻ വിശദീകരിക്കുന്നില്ല. യഥാർത്ഥ പാസ്പോർട്ടും മറ്റുരേഖയുമൊക്കെ ഉണ്ടായിട്ടും ഇവരെ അന്യരായി പുറന്തള്ളപ്പെടാൻ പാടില്ല. അവരെ യാഥാർത്ഥ്യവൽക്കരിക്കപ്പെടാതെ മുഖ്യധാരയിൽ നിലനിർത്തണം. വിദേശ ഇൻഡ്യാക്കാർക്ക് വോട്ടവകാശം നൽകുന്നത് തത്വത്തിൽ അംഗീകരിച്ച കേന്ദ്ര സർക്കാർ ഇപ്പോൾ ഉണർന്നുപ്രവർത്തിച്ചാൽ ഇത് സാധ്യമാകും. 50 ലക്ഷത്തോളം ഇൻഡ്യാക്കാർ വിദേശത്തുണ്ട്. 2004-ലെ കണക്ക് അനുസരിച്ച് 97000 കോടി രൂപയാണ് ഇവർ നാട്ടിലേക്ക് അയയ്ക്കുന്നത്, പ്രത്യേകിച്ച് മലയാളികൾ. മാതൃരാജ്യത്തിന്റെ വികസനത്തിന് അവർ നൽകുന്ന വിലപ്പെട്ട സംഭാവനകൾ മഹത്തരമാണ്. പൗരാവകാശങ്ങൾ നിഷേധിക്കുന്നതിന് ആർക്കും അവകാശമില്ല. ജന്മനാടിന്റെ പൗരത്വം നിലനിർത്തി അന്യനാടുകളിൽ താമസിക്കുന്നവരുടെ മൗലിക അവകാശങ്ങളിൽ പ്രധാനമായ വോട്ടവകാശം അംഗീകരിച്ചുകിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്നു ഞാൻ ആവശ്യപ്പെടുകയാണ്. രണ്ടാമതായി യാത്രാക്കൂലിയുടെ കാര്യം ഞങ്ങൾ ആവർത്തിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും യാത്രാക്കൂലി വിമാനകമ്പനികൾ കുറയ്ക്കാതെ വീണ്ടും വീണ്ടും കൂട്ടുകയാണ്. ഗൾഫ് എയർ സർവ്വീസ്സും എയർ ഇൻഡ്യ എക്സ്പ്രസ്സും ആരംഭിച്ചിട്ടും ഇക്കാര്യത്തിൽ യാതൊരു മാറ്റവുമില്ല. മുഖ്യമന്ത്രിയോടൊപ്പം ഞങ്ങളെല്ലാപേരും ഔദ്യോഗിക ഡെലിഗേഷന് പോയ സന്ദർഭത്തിൽ മലയാളികൾ ഏറ്റവും ശക്തമായി ഉന്നയിച്ച ആവശ്യമാണിത്. യാത്രാക്കൂലി കുറയ്ക്കുന്നതിനും യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ജന്മനാട്ടിൽ പൗരത്വം നിലനിർത്തി അന്യനാടുകളിൽ താമസിക്കുന്നവർക്ക് മൗലിക അവകാശങ്ങളിൽ പ്രധാനമായ വോട്ടവകാശം നൽകണമെന്ന ആവശ്യത്തിന് പതിറ്റാണ്ടുകൾ പഴക്കമുണ്ട്. ഗൾഫ് മലയാളികൾക്ക് വോട്ടവകാശം എന്നത് ചിരകാല അഭിലാഷമാണ്. ഇതിനായി ജനപ്രാതിനിധ്യനിയമം

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്യണമെന്ന് സംസ്ഥാന നിയമസഭ ആവശ്യപ്പെട്ടിരുന്നു. 2001-ൽ അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാരിന്റെ മുഖ്യ അജണ്ടയാണ് പ്രവാസികളുടെ വോട്ടവകാശം. ഇതിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി പ്രവാസി ഇന്ത്യാക്കാർക്ക് നാട്ടിൽ വോട്ട് എന്നത് ന്യായമായ അവകാശമാണെന്ന് അംഗീകരിച്ച പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് ഒട്ടുംവൈകാതെ ഇക്കാര്യത്തിൽ നടപടിയുണ്ടാകുമെന്ന് 2006 ജനുവരി മാസത്തിൽ ഹൈദ്രാബാദിൽ വച്ചുനടന്ന നാലാം പ്രവാസി ഭാരതീയ സമ്മേളനത്തിൽ ഉറപ്പുനൽകി. ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിനായി ജനപ്രാതിനിധ്യനിയമം ഭേദഗതി ചെയ്യണമെന്ന് സംസ്ഥാന നിയമസഭ ആവശ്യപ്പെട്ടിരുന്നു. വോട്ടർ പട്ടികയിൽ പേര് ഉണ്ടെങ്കിലേ വോട്ടവകാശം ലഭിക്കൂ എന്നതാണ് ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥ. പട്ടികയിൽ പേര് വരണമെങ്കിൽ തുടർച്ചയായി ആറുമാസമെങ്കിലും നാട്ടിൽ താമസിക്കുന്നവരായിരിക്കണം. വിദേശ ഇൻഡ്യക്കാരെ വോട്ടവകാശത്തിൽനിന്ന് അകറ്റി നിർത്തുന്ന ഈ വ്യവസ്ഥ ജനപ്രാതിനിധ്യനിയമത്തിൽ നിന്നും എടുത്തുകളയുകയും പകരം സ്ഥിര താമസക്കാരല്ലെങ്കിൽക്കൂടി അവർ വോട്ടവകാശത്തിന് അർഹരാണെന്ന വ്യവസ്ഥ ചേർക്കുകയും ചെയ്താൽ മാത്രമേ ഗൾഫ് ഉൾപ്പെടെയുള്ള പ്രവാസി ഇൻഡ്യക്കാരുടെ സ്വപ്നം പൂവണിയുകയുള്ളൂ. ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്യാൻ പാർലമെന്റ് വൈകുകയില്ലായെന്നാണ് പ്രധാനമന്ത്രി നൽകിയിട്ടുള്ള ഉറപ്പ്. പ്രവാസികളുടെ വോട്ടവകാശം സംബന്ധിച്ച് പ്രധാനമന്ത്രി നൽകിയ ഉറപ്പ് പാലിക്കപ്പെടുമെന്ന് എനിക്കുറപ്പുണ്ട്. വിമാനയാത്രയാണ് ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. വിമാനനിരക്കിന്റെ വർദ്ധനവും എയർ ഇൻഡ്യയുടെ മോശമായ സർവ്വീസും വളരെക്കാലമായി ഗൾഫ് മലയാളികൾ ഉന്നയിക്കുന്ന ആക്ഷേപമാണ്. ചെലവ് കുറഞ്ഞ വിമാന സർവ്വീസാണ് ഗൾഫ് മലയാളികളുടെ ലക്ഷ്യം. സംസ്ഥാന സർക്കാരിന്റെ നിരന്തര ശ്രമഫലമായി കേന്ദ്ര വ്യോമയാന വകുപ്പ് ബജറ്റ് എയർ ലൈൻസിന് അനുമതി നൽകുകയുണ്ടായി. എയർ ഇൻഡ്യ ബജറ്റ് എയർ ലൈൻസ് തുടങ്ങാൻ മടിച്ചു നിന്നപ്പോഴും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി എയർ ഇൻഡ്യാ എക്സ്പ്രസ് യാഥാർത്ഥ്യമാക്കിയതിന് നോർക്കാ വകുപ്പ് പ്രധാന പങ്കുവഹിച്ചു. 28-6-2005-ൽ ഡെൽഹിയിൽ എൻ.സി.സി. മീറ്റിംഗിൽ മുഖ്യമന്ത്രി പങ്കെടുക്കാൻപ്പോയ സന്ദർഭത്തിൽ എയർ ഇൻഡ്യ എക്സ്പ്രസ്സിൽ അടിയന്തിരമായി നടത്തേണ്ട മാറ്റങ്ങളെക്കുറിച്ച് കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചു. ഇതുകൊണ്ടുമാത്രം വിമാനയാത്രാപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നില്ല. നിലവിലുള്ള വിമാനങ്ങൾക്കുപുറമേ കൂടുതൽ വിമാന സർവ്വീസ് ഗൾഫ് സെക്ടറിൽ ആരംഭിക്കാൻ കേന്ദ്ര വ്യോമയാന മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ വിദേശ വിമാന കമ്പനികൾ കേരള ഗൾഫ് സെക്ടറിൽ വിമാന സർവ്വീസ് തുടങ്ങാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇവർക്ക് അനുമതി നൽകുന്നതിനുള്ള സമ്മർദ്ദം കേന്ദ്ര സർക്കാരിൽ ചെലുത്തുന്നുണ്ട്. ഇതിനൊക്കെ പുറമെ സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ ഒരു എയർ ലൈൻസ് തുടങ്ങാനുള്ള പദ്ധതി തയ്യാറാക്കാൻ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കാൻ ഒരു ഗ്ലോബൽ കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദിഷ്ട എയർ ലൈൻസ് ഗൾഫ് സെക്ടറിലൂടെ പ്രവാസികളുടെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പംതന്നെ കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ കാര്യമായ മുന്നേറ്റം നടത്താൻ കഴിയുമെന്ന് സർക്കാർ കരുതുന്നു. 2005 ആഗസ്റ്റ് മാസം തിരുവനന്തപുരത്തുവച്ച് നടന്ന സമവായത്തിലും വിമാനയാത്ര സംബന്ധിച്ച പ്രശ്നം വിശദമായി ചർച്ച ചെയ്തു. എയർ ഇൻഡ്യയേയും ഇൻഡ്യൻ എയർ ലൈൻസിനേയും പറ്റി വ്യാപകമായ പരാതികളാണ് ഡെലിഗേറ്റ്സ് ഉന്നയിച്ചത്. സമവായത്തിൽ ഉരുത്തിരിഞ്ഞ തീരുമാനപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഈ പ്രശ്നങ്ങൾ സംബന്ധിച്ച് മെമ്മോറാണ്ഡം വഴി 2005 ആഗസ്റ്റ് 16-ാം തീയതി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഗൾഫ് യാത്രക്കാരുടെ യാത്രാപ്രശ്നം പരിഹരിക്കുവാൻ ഗൾഫിലേക്ക് ഓപ്പറേറ്റുചെയ്യുന്ന എല്ലാ വിമാന കമ്പനികളുടേയും ഒരു യോഗം 22-8-2005-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്തു. പ്രൈവറ്റ് എയർ ലൈൻസ് പ്രതിനിധികൾ നിർദ്ദേശിച്ചതനുസരിച്ച് താഴെപ്പറയുന്ന കാര്യങ്ങളുൾക്കൊള്ളിച്ചുകൊണ്ട് മുഖ്യമന്ത്രി 28-2-2005-ൽ കേന്ദ്ര വ്യോമയാന മന്ത്രി ശ്രീ. പ്രഫുൽ പട്ടേലിന് കത്ത് അയച്ചു. അതിൽ പറയുന്നത് എയർ ഇൻഡ്യയുടെ സാങ്കേതിക വിഭാഗത്തിൽ കഴിവ് വർദ്ധിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുക, ഒഴിവുകാലങ്ങളിലും ഉത്സവ സമയങ്ങളിലും കേരളത്തിലേക്കുള്ള സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുക, ഫെറി ട്രാഫിക് ഒഴിവാക്കുന്നതിന് ടുവേയ്സ് ട്രാഫിക് സർവ്വീസ് അവകാശം അനുവദിക്കുക, താൽക്കാലിക ഓപ്പൺ ക്രൈസിസ് നയം ഉടൻ നടപ്പാക്കുക, തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങളിൽ ലാന്റിംഗ് പാർക്കിംഗ് ചാർജുകൾ കുറയ്ക്കുക, പുതിയ വിമാനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുക, എല്ലാ വിമാനത്താവളങ്ങളിലും യാത്രക്കാർക്കായി പരാതി പരിഹാര സെല്ലുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ്. സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി കൂടുതൽ വിമാന സർവ്വീസുകൾ തുടങ്ങുവാൻ വിമാന കമ്പനികൾ മുഴുവൻ മുന്നോട്ടുവന്നിട്ടുണ്ട്. എയർ ഇൻഡ്യയും ഇൻഡ്യൻ എയർ ലൈൻസും അധികം സർവ്വീസുകൾ തുടങ്ങി. എമിറേറ്റേഴ്സ് ആഴ്ചയിൽ 8 സർവ്വീസുകൾ തിരുവനന്തപുരത്തുനിന്നും തുടങ്ങിക്കഴിഞ്ഞു. ഒമാൻ എയർവേയ്സും അതുപോലെതന്നെ കുവൈറ്റ് എയർവേയ്സും അഡീഷണൽ സർവ്വീസ് തുടങ്ങാൻ തയ്യാറായിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന എയർപോർട്ടുകൾ നവീകരിക്കുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിലാണ് കരിപ്പൂർ വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി നൽകാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചത്. മലബാർ മേഖലയുടെ വികസനത്തിന് ഇത് പ്രയോജനം ചെയ്യുമെന്ന് കരുതുന്നു. കൂടാതെ വടക്കൻ മലബാറിന്റെ വികസനത്തിന് നാഴികക്കല്ലായ കണ്ണൂരിൽ എയർപോർട്ട് തുടങ്ങാനുള്ള തീരുമാനം കേന്ദ്ര സർക്കാർ എടുത്തുകഴിഞ്ഞു. ഗൾഫ് മലയാളികളുടെ ചിരകാല അഭിലാഷമായ വോട്ടവകാശം അംഗീകരിച്ച് നടപ്പിലാക്കുന്നതിന് ഗൾഫ് മലയാളികളുടെ യാത്രാ പ്രശ്നങ്ങൾ യഥാസമയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ചുരുക്കിപ്പറയണമെന്നുള്ളതാണ് എന്റെ നയം. പക്ഷേ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് മറുപടി അല്പം നീണ്ടുപോയതിൽ ക്ഷമിക്കണം.

GPM. 2/152/2013—21

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നാളെ പാർലമെന്റ് സമ്മേളനം ആരംഭിക്കുകയാണ്. ഈ പാർലമെന്റ് സമ്മേളനത്തിൽ നിയമഭേദഗതി പാസ്സായാലേ നമുക്ക് മേയ് മാസത്തെ ഇലക്ഷന് മുൻപ് കിട്ടുകയുള്ളൂ. അതുകൊണ്ട് ഇപ്പോൾ അങ്ങു പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിൽ ഇത് പാർലമെന്റിൽ വന്ന് ഭേദഗതി പാസ്സാക്കിയെടുക്കാൻ പ്രധാനമന്ത്രിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയുംമേൽ ഒന്നുകൂടി സമ്മർദ്ദം ചെലുത്തണം

ശ്രീ. വക്കം പുരുഷോത്തമൻ: അത് ചെയ്യാം.

(2) മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഡോക്ടർമാരും മരുന്നുകളും ഇല്ലാത്തതുമൂലം രോഗികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, വളരെയധികം പിന്നോക്കം നിൽക്കുന്ന മലപ്പുറം, വയനാട് ജില്ലകളിൽ പാവപ്പെട്ട ജനങ്ങളുടേയും രോഗമുള്ളവരുടേയും പ്രാധാനപ്പെട്ട ആശ്രയം സർക്കാർ ആശുപത്രികളും പബ്ലിക് ഹെൽത്ത് സെന്ററുകളുമാണ്. ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഇല്ലാത്തുതുമൂലം പല ആശുപത്രികളും പൂട്ടേണ്ട ഒരു ഗതികേട് വന്നിട്ടുണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ തൃപ്പഞ്ചി, കുഴിമണ്ണ എന്നീ പബ്ളിക് ഹെൽത്ത് സെന്ററുകൾ പൂട്ടിക്കിടക്കുകയാണ്. അവിടെ രോഗികളെ അഡ്മിറ്റ് ചെയ്യുന്നില്ല. ഇന്നലെവരെ അവിടെ സമരങ്ങൾ നടന്നു, ധർണകൾ നടന്നു. ബഹുമാനപ്പെട്ട മന്ത്രിയിൽ എനിക്ക് പ്രതീക്ഷയുണ്ട്, പ്രത്യാശയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവിടേക്ക് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മലപ്പുറം ജില്ലയിലെ താലൂക്ക് ആശുപത്രികളായ പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ എന്നിവിടങ്ങളിൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും ഒഴിവുകളുണ്ട്. മലപ്പുറം, എടവണ്ണ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും കുറ്റിപ്പുറം, വണ്ടൂർ തുടങ്ങിയ പി.എച്ച്. സെന്ററുകളിലും ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. മയ്യനാട് താലൂക്ക് ഹോമിയോ ആശുപത്രിയിൽ ഇന്ന് ഒരു ലബോറട്ടറി ഇല്ലാത്തതുമൂലം പാവപ്പെട്ട വൃദ്ധരായ രോഗികളെ മഞ്ചേരിയിലേക്ക് കൊണ്ടുപോകേണ്ട ഒരു ഗതികേടാണ്. അതുകൊണ്ട് മയ്യനാട് താലൂക്ക് ഹോമിയോ ആശുപത്രിയിൽ അടിയന്തിരമായി ഒരു ലബോറട്ടറി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ അനസ്തെറ്റിസ്റ്റ് ഇല്ലാത്തതുകൊണ്ട് അവിടെ ഓപ്പറേഷൻ നടക്കുന്നില്ല. എനിക്ക് അഭിമാനമുണ്ട്, സ്വകാര്യ ആശുപത്രികൾ കൂടിയില്ലെങ്കിൽ നമ്മുടെ നാടിന്റെ സ്ഥിതി എന്താകുമായിരുന്നു? സ്വകാര്യ ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന രോഗികൾ കൂടുതൽ പണം കൊടുക്കേണ്ടിവരും. പാവപ്പെട്ട രോഗികൾക്ക് എങ്ങനെയാണ് ആ ആശുപത്രികളിൽ പോകാൻ സാധിക്കുന്നത്? അങ്ങയോട് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നത് സർവ്വീസ് ക്വാട്ടയിൽ പോസ്റ്റ് ഗ്രാഡുവേഷന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ ക്വാട്ടയുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly